## കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമന ശിപാർശ

**72 (2891)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 349/2008 പ്രകാരമുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും ഏറ്റവും ഒടുവിൽ നിയമന ശിപാർശ നൽകിയ തീയതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തീയതിക്കുശേഷം ടി തസ്തികയിൽ സെക്രട്ടേറിയറ്റ്, പി.എസ്.സി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) ഏറ്റവും ഒടുവിൽ നിയമന ശിപാർശ നടത്തി ആറുമാസം കഴിഞ്ഞിട്ടും നിരവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമന ശിപാർശ നൽകാൻ കാല താമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ അയയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-6-2015-നാണ് ഏറ്റവും ഒടുവിൽ നിയമന ശിപാർശ നൽകിയത്. ഈ തീയതിക്കുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട 41 ഒഴിവുകളുടെ റൊട്ടേഷൻ 6-7-2015-ന് അംഗീകരിക്കുകയും നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.

(ബി) ധനകാര്യ വകുപ്പിൽ നിന്നും 4-7-2015-ന് 14 ഒഴിവുകളും ലോക്കൽ ഫണ്ട് ആഡിറ്റിൽ നിന്നും 6-7-2015-ന് 2 ഒഴിവുകളും ലഭിച്ചിട്ടുണ്ട്.

(സി) 1-6-2015-നാണ് അവസാനമായി നിയമന ശിപാർശ നടന്നത്.

(ഡി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ ഉടൻ നിയമന ശിപാർശ നൽകുന്നതാണ്.

## പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം

**73 (T 2892)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly